1963—ൽ

1. കീഴത്തടിയൂർ ശിവക്ഷേത്രം, മീനച്ചിൽ.
2. എറണാകുളം പട്ടണത്തിൽ ഒരു ക്ഷേത്രം.

1964-ൽ

1. സെൻറു ഫ്രാൻസിസ് അസീസ് പള്ളി, തൈക്കൽ.
2. കാരുക്കുടി ക്രൈസ്റ്റു കിങ്ങ്മൊണാസ്ട്രി പള്ളി, അങ്കമാലി.
3. സെൻറു മേരീസ് പള്ളി വരാപ്പുഴ.
4. സെയ്ൻറ് സബാസ്റ്റിൻസ് പള്ളി, വഗമോൺ.
5. കളമശ്ശേരിയിൽ ഒരു ക്ഷേത്രം.

(ജി) 60, 61, 62, 63 ഈ വർഷങ്ങളിൽ മോഷണവും ധ്വംസനവും ആടക്കം ആകെ നടന്ന 194 ആക്രമണങ്ങളിൽ, ക്രൈസ്തവ ദേവാലയങ്ങളും 84 ഹൈന്ദവദേവാലയങ്ങളും 106, മുസ്ലീം ദേവാലയങ്ങളും 4.

ദേവാലയാക്രമണങ്ങൾ.

* 7. [12] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964—ജനുവരി ഒന്നാംതീയതി മുതൽ ജൂലായ് 31—ാം തീയതി വരെ എത്ര ദേവാലയങ്ങൾ ആക്രമിക്കപ്പെട്ടു;

(ബി) അവ ഏതെല്ലാം;

(സി) ദേവാലയ ആക്രമണങ്ങളുടെ സ്വഭാവങ്ങൾ എന്തെല്ലാമാണ്;

(1) സക്രാരി ആക്രമണങ്ങൾ എത്ര;

(2) ബിംബങ്ങൾ ആക്രമിക്കപ്പെട്ടവ എത്ര?

(3) ഭണ്ഡാരങ്ങൾ കുത്തിപ്പൊളിച്ചവ എത്ര?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ആകെ 62 ദേവാലയങ്ങൾ ആക്രമിക്കപ്പെട്ടു.

(ബി) ക്രൈസ്തവ ദേവാലയങ്ങൾ 32-0
ഹൈന്ദവ ദേവാലയങ്ങൾ 28—0
മുസ്ലീം ദേവാലയങ്ങൾ 2—0 ആണ് ആക്രമിക്കപ്പെട്ടത്. അവയുടെ ലിസ്റ്റു ഇതോടൊന്നിച്ചു ചേർത്തിട്ടുണ്ട്*

(സി) 1. 9 സക്രാരി ആക്രമണങ്ങൾ
2. 4 ബിംബങ്ങൾ ആക്രമിക്കപ്പെട്ടവ
3. 20. ഭണ്ഡാരങ്ങൾ കുത്തിപ്പൊളിച്ചവ.

ദേവാലയാക്രമണങ്ങൾ

* 8. [14] ശ്രീ. കെ. ടി. തോമസ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് ഇക്കൊല്ലം ഇതുവരെ എത്ര പള്ളികൾ ആക്രമിക്കപ്പെട്ടിട്ടുണ്ട്;

(ബി) അതിൽ മോഷണ ഉദ്ദേശത്തോടുകൂടി നടത്തിയിട്ടുള്ളതു് എത്ര;

* Appendix I

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly